(എ) സംസ്ഥാനത്ത് പഞ്ചായത്തുകളുടെ വാർഡ് വിഭജനം പൂർത്തിയായിട്ടുണ്ടോ ;

(ബി) ഏതെല്ലാം പഞ്ചായത്തുകളുടെ വാർഡ് വിഭജനം ആണ് പൂർത്തീകരിക്കാനുള്ളത് ;

(സി) പൂർത്തീകരിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) വാർഡ് വിഭജനം സ്റ്റേ ചെയ്ത പഞ്ചായത്തുകൾ ഏതെല്ലാമാണ് ;

(ഇ) പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) ഇതിനെതിരായി ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) 2000-ലെ പൊതുതെരഞ്ഞെടുപ്പിനുവേണ്ടി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഡ് വിഭജനം ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്.

(ബി) ജില്ലാ പഞ്ചായത്തുകളുടെ വാർഡ് വിഭജനം പൂർത്തിയാക്കാവുന്നതാണ്.

(സി) ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഡ് വിഭജനം പൂർത്തിയായതേയുള്ളൂ. ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡല വിഭജന നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) ഏകദേശം ഇരുപതോളം പഞ്ചായത്തുകളുടെ വാർഡ് വിഭജനം സംബന്ധിച്ച് ബഹു: ഹൈക്കോടതിയിൽ കേസ്സ് നിലവിലുണ്ട്. അവയിൽ മിക്കതിലും സ്റ്റേ നിലവിലുണ്ട്.

(ഇ) ഉണ്ട്.

(എഫ്) അമ്പതിനായിരത്തോളം ജനസംഖ്യയുള്ളതും ഭൂമിശാസ്ത്രപരമായ വിസ്തൃതി കാരണം പഞ്ചായത്ത് ഭരണത്തിൽ വിഭജനം അനുഭവപ്പെടുന്നതുമായ ഗ്രാമപഞ്ചായത്തുകളെ വിഭജിച്ച് 20 പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചു കൊണ്ട് സർക്കാർ 29-12-1999-ാം തീയതി ജി.ഒ.268/99/ ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്, 2000 ഒക്ടോബർ മുതൽ മാത്രമേ പ്രാബല്യത്തിൽവരികയുള്ളൂ.

(ജി) ഇല്ല.

ടൗൺ പഞ്ചായത്തുകളുടെ രൂപീകരണം

20(*110) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ടൗൺ പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ബദൽ കമ്മിറ്റിയുടെ ശുപാർശ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനെക്കുറിച്ച് പഠിക്കാൻ സർക്കാർ ചുമതലപ്പെടുത്തിയ മുനിസിപ്പൽ ഭരണ ഡയറക്ടറുടെ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) റിപ്പോർട്ടിന്റെ പ്രധാന ശുപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ ശുപാർശകളിൻമേൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) ടൗൺ പഞ്ചായത്ത് രൂപീകരണം മൂലം ഗവൺമെന്റിന് എന്തൊക്കെ ഗുണങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ&ബി) സംസ്ഥാനത്ത് ടൗൺ പഞ്ചായത്തുകൾ ഇപ്പോൾ രൂപീകരിക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ നയപരമായ തീരുമാനം.

(സി) ശുപാർശ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി&ഇ) ഇതിനെക്കുറിച്ച് പഠിക്കാൻ മുനിസിപ്പൽ ഭരണ ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല. ടൗൺ പഞ്ചായത്തുകളാക്കാവുന്ന ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ മുനിസിപ്പൽ ഭരണ ഡയറക്ടറിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്&ജി) വിഭാഗത്തിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് പുതിയതായി കൊണ്ടു വരുവാൻ തീരുമാനിച്ച സാഹചര്യത്തിനും, മുനിസിപ്പാലിറ്റിയുടെ ആക്ടിനു തുല്യമായി പഞ്ചായത്തുരാജ് ആക്ട് നിലവിൽ വരുത്തിയിട്ടുള്ളതിനാലും ടൗൺ പഞ്ചായത്ത് രൂപീകരണം കൊണ്ട് പ്രത്യേക ഗുണം ഉണ്ടെന്ന് കരുതുന്നില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly